(എ) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വാസ്തു ശിൽപ്പകല പരിരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും പുരാതന കെട്ടിടങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ, ബി) താഴെ വിവരിക്കുന്ന 24 പുരാതന കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്. †

ടൂറിസം മേഖലയിൽ കേരളത്തിന്റെ വളർച്ചാനിരക്ക്

78 [3225] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിന്റെ വളർച്ചാനിരക്ക് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ എത്രത്തോളമാണ് സംസ്ഥാനത്തിന്റെ മുന്നേറ്റം എന്ന് വ്യക്തമാക്കുമോ;

(സി) വരുന്ന ദശകത്തിൽ ഉണ്ടായേക്കാവുന്ന വളർച്ചാനിരക്ക് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ലഭ്യമായ കണക്കനുസരിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിന്റെ വളർച്ചാനിരക്ക് 144.27% ആണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) 57%

(സി) കണക്കാക്കിയിട്ടില്ല. എന്നാൽ വരുന്ന ദശകത്തിൽ 300%-ത്തിലേറെ വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നുണ്ട്.

ടൂറിസം വികസന മേഖലകളുടെ രൂപീകരണം

79 [3226] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി പ്രത്യേക ടൂറിസം വികസന മേഖലകൾ രൂപവൽക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ടൂറിസം മേഖലകളുടെ മേൽനോട്ടവും സംരക്ഷണവും വിപുലമായ അധികാരങ്ങളോടുകൂടിയ ടൂറിസം സംരക്ഷണ സമിതികളെ ഏൽപ്പിക്കാൻ ആവശ്യമായ നിയമനിർമ്മാണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly